# *വുദ്വൂഇൽ മക്റൂഹായ കാര്യങ്ങൾ, വുദ്വൂഅ് മുറിയുന്ന കാര്യങ്ങൾ*

## വുദ്വൂഇൽ മക്റൂഹായ കാര്യങ്ങൾ

**1. അനാവശ്യമായി മൂന്നിൽ കൂടുതൽ തവണ കഴുകൽ: അല്ലാഹുവിൻെറ റസൂൽ(ﷺ) വുദ്വൂഅ് എടുത്തതിന് ശേഷം പറഞ്ഞതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു:**

(هذا الوضوء فمن زاد على هذا فقد أساء وتعدّى وظلم)

**'ഇതാണ് വുദ്വൂ, ഇതിനേക്കാൾ ആരെങ്കിലും വർദ്ധിപ്പിച്ചാൽ അവൻ തിന്മ ചെയ്തു, അതിരുവിട്ടു, ആക്രമിച്ചു' (ഇബ്നുമാജ)**

**2. വുദൂഇൻെറ സുന്നത്ത് ഒഴിവാക്കുക: കാരണം അത് പ്രതിഫലം കുറയുന്നതിന് കാരണമാകും.**

**3. വെള്ളം ദുർവ്യയം ചെയ്യൽ: അല്ലാഹുവിൻെറ റസൂൽ(ﷺ) ഒരു മുദ്ദ് വെള്ളത്തിൽ വുദ്വൂഅ് ചെയ്യുമായിരുന്നു.**

**4. നജസുള്ള സ്ഥലത്ത് വുദൂഅ് ചെയ്യൽ: നജസ് ശരീരത്തിൽ ഏൽക്കുന്നത് ഭയക്കുന്നതിനാലാണ് ഇത്.**

## വുദ്വൂഅ് മുറിയുന്ന കാര്യങ്ങൾ

**1. മുൻപിൻദ്വാരങ്ങളിലൂടെ വല്ലതും പുറപ്പെടൽ: (പുറപ്പെടുന്നത് നജസായാലും അല്ലെങ്കിലും) പുറപ്പെടുന്നത് മനിയ്യ് (ബീജം) ആണെങ്കിൽ അപ്പോൾ കുളി നിർബന്ധമാകും.**

**2. ഗാഢമായ ഉറക്കം: അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:**

( وكاء السه العينان فمنْ نامَ فَلْيتوضّأْ )

**'രണ്ടു കണ്ണുകൾ മലദ്ധ്വാരത്തി (ലൂടെ വല്ലതും പുറപ്പെടുന്നത് തടയുന്നതി) ൻെറ അടപ്പാകുന്നു, അതിനാൽ ആരെങ്കിലും ഉറങ്ങിയാൽ അവൻ വുദ്വൂഅ് ചെയ്യട്ടെ.' (അബൂദാവൂദ്) നേരിയ ഉറക്കം വുദ്വൂഇനെ നഷ്ടപ്പെടുത്തുകയില്ല.**

**3. ബോധം നശിക്കൽ: ഭ്രാന്ത്, ബോധക്ഷയം, ലഹരി, രോഗം തുടങ്ങിയ കാരണങ്ങളാൽ ബോധം നഷ്ടപ്പെട്ടാൽ അത് ഉറക്കിനേക്കാൾ വുദ്വൂഇനെ നഷ്ടപ്പെടുത്തുവാൻ കാരണമാകും. മാത്രവുമല്ല, വുദ്വൂഇനെ നഷ്ടപ്പെടുത്തുന്ന വല്ലതും തന്നിൽ നിന്ന് സംഭവിച്ചിട്ടുണ്ടോ എന്ന് അവന് അറിയുകയുമില്ല.**

**4. ലൈംഗികാവയവങ്ങൾ സ്പർശിക്കൽ: (കൈപള്ള കൊണ്ട് മറകൂടാതെ മനുഷ്യരുടെ മുൻദ്വാരമോ പിൻദ്വാരമോ സ്പർശിച്ചാൽ അത് വുദ്വൂഇനെ നഷ്ടപ്പെടുത്തും) അല്ലാഹുവിൻെറ റസൂൽ(ﷺ) പറഞ്ഞു:**

( إذا مسّ أحدُكمْ ذكرهُ فَلْيتوضّأ )

'നിങ്ങളിൽ ഒരാൾ തൻെറ ഗുഹ്യാവയവം സ്പർശിച്ചാൽ അവൻ വുദ്വൂ ചെയ്യട്ടെ' (ഇബ്നു മാജഃ)

**5. ഒട്ടകത്തിൻെറ മാംസം ഭക്ഷിക്കൽ:** ഒട്ടകത്തിൻെറ മാംസം വേവിച്ചതാണെങ്കിലും അല്ലെങ്കിലും അത് ഭക്ഷിച്ചാൽ വുദ്വൂഅ് നഷ്ടപ്പെടും. ജാബിർ ഇബ്നു സമൂറ(ﷺ)വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: നബി(ﷺ) ചോദിക്കപ്പെട്ടു:

(أنتوضّأ منْ لُحُوم الْإبل ؟ قالَ: نعم قالَ: أنتوضّأ منْ لُحُوم الغنم؟ قالَ: إن شِئْتَ)

'ഞങ്ങൾ ഒട്ടകമാംസം തിന്നാൽ വുദ്വൂഅ് ചെയ്യേണമോ? അദ്ദേഹം പറഞ്ഞു: അതെ. ഞങ്ങൾ ആടിൻെറ മാംസം തിന്നാൽ വുദ്വൂഅ് ചെയ്യേണമോ? അദ്ദേഹം പറഞ്ഞു: നീ ഉദ്ദേശിക്കുന്നുവെങ്കിൽ.' (മുസ്ലിം)

**6. ഇസ്ലാംമതം ഉപേക്ഷിക്കൽ:** അഥവാ ഇസ്ലാമിൽ നിന്ന് പുറത്താക്കുന്ന കാര്യങ്ങൾ (നവാക്വിദ്വുൽ ഇസ്ലാം) പ്രവൃത്തിക്കലാകുന്നു.

അല്ലാഹു (ﷻ) പറഞ്ഞു:

... لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ ...

"........(അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം നിൻെറ കർമ്മം നി ഷ്ഫലമായിപ്പോകും........" (വി.ക്വു. 39:65) അപ്പോൾ ശിർക്ക് കർമ്മങ്ങളെ തകർക്കും; വുദ്വൂഅ് ഒരു കർമ്മമാണ്.

**തയ്യാറാക്കിയത്:**

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

**അവലംബം:**

*ശൈഖ് മുഹമ്മദ് ഇബ്നു സ്വാലിഹ് അൽ ഉഥൈമീന്റെ 'അശ്ശറഹുൽ മുംതിഅ്'*
*ശൈഖ് സാലിഹ് ഇബ്നു ഫൗസാൻ അൽ ഫൗസാന്റെ 'അൽ മുലഖ്ഖസ്വുൽ ഫിക്ഹി'*
*ശൈഖ് സഈദ് ഇബ്നു മിസ്ഫിർ അൽകഹ്ത്വാനിയുടെ 'സ്വലാതുൽ മുഅ്മിൻ'*
*ശൈഖ് ഇബ്രാഹീം ഇബ്നു മുഹമ്മദ് അദ്ദുവയ്യാന്റെ 'മനാറുസ്സബീൽ'*
*അബ്ദുല്ലാഹ് ഇബ്നു മുഹമ്മദ് അത്വയ്യാറിന്റെ 'കിതാബുസ്സ്വലാത്'*